ഉത്തരം

വഴിയോരം പദ്ധതി പ്രകാരം പ്രാഥമികമായി 250 യൂണിറ്റുകളാണ് സംസ്ഥാനത്തുടനീളം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ ഓരോ യൂണിറ്റിലും ക്ഷേണശാല, സുവനീർഷോപ്പ്, ബാത്ത്റൂം & ടോയ്ലറ്റ്, വിശ്രമിക്കാനുള്ള സ്ഥലം, ടെലിഫോൺ, ഇൻറർനെറ്റ് ഫെസിലിറ്റി, കാർ പാർക്കിംഗ് എന്നിയ മുതലായ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നത് സ്വകാര്യ സംരംഭകരാണ്.

പൊൻമുടി വികസന പദ്ധതി

94 [2083] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പൊൻമുടിയിൽ ധാരാളം ടൂറിസ്റ്റുകൾ എത്തുന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മൂന്നാർ പോലെ വികസന സാധ്യതയുള്ള പൊൻമുടിക്കു മാത്രമായി ഒരു വികസന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) കോവളം-പൊൻമുടി റോഡ് മാതൃകാ ടൂറിസ്റ്റ് റോഡാക്കുമെന്ന പ്രഖ്യാപനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊൻമുടിയിലെത്തുന്ന ടൂറിസ്റ്റുകൾക്കായി നിലവിൽ ടൂറിസം വകുപ്പിൻെറ കീഴിൽ ഗസ്റ്റ്ഹൗസ് പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി 116 ലക്ഷം രൂപ ചെലവിൽ 4 ടൈപ്പിലുള്ള ടൂറിസ്റ്റ് കോട്ടേജുകൾ നിർമ്മിച്ചുവരികയാണ്. കൂടാതെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പൊൻമുടിയുടെ സമഗ്രവികസനത്തിനു തകുന്ന പദ്ധതികൾക്ക് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) പൊൻമുടിയുടെ സമഗ്രവികസനത്തിനായി പൊൻമുടി മാസ്റ്റർ പ്ലാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വികസന പദ്ധതികൾ തയ്യാറാക്കി വരുന്നു.

(ഡി) കോവളം—പൊൻമുടി റോഡ്, മാതൃകാ ടൂറിസ്റ്റ് റോഡാക്കുമെന്ന് ടൂറിസം വകുപ്പ് പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും ഈ റോഡിൻെറ പ്രാധാന്യം കണക്കിലെടുത്ത് ഇവ നവീകരിക്കുന്നതിന് ടൂറിസം വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് പൊതുരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പൊസഡിഗുംപെ വികസന പദ്ധതി

95 [2084] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly